# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത　　　　　　　　18.10.2016 - ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നമ്പർ: 3060

### കയർ വ്യവസായ നയം

| ചോദ്യം<br>ശ്രീ.എൻ. വിജയൻ പിള്ള | ഉത്തരം<br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ചണവ്യവസായ രംഗത്ത് പശ്ചിമ ബംഗാൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പോളിസിക്ക് സമാനമായ ഒരു കയർ വ്യവസായ നയം കേരളത്തിൽ പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ; | എ) പരിശോധിക്കാവുന്നതാണ്. |
| ബി)കേരളത്തിലെ കയർ വ്യവസായ രംഗത്ത് രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ, പ്രവർത്തിയ്ക്കാതെ പൂട്ടികിടക്കുന്നവയിലെ സമാന സ്വഭാവമുള്ളവയെ സംയോജിപ്പിച്ച് ശക്തിപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ; | ബി) സംയോജനത്തിനുള്ള പദ്ധതി തയ്യാറാക്കുവാൻ കയർ വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം സംഘങ്ങളെ കണ്ടെത്തുന്നതിന് പ്രോജക്ട് ഓഫീസർമാർ നടപടി സ്വീകരിച്ചു വരികയാണ്. |
| സി) എൻ.സി.ആർ.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കയർ മേഖലയ്ക്ക് കാര്യമായ പ്രയോജനം ചെയ്യില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥാപനത്തിന്റെ തലപ്പത്തേക്ക് സാങ്കേതിക വൈദഗ്ധ്യം ഉള്ളവരെ നിയമിച്ച് സ്ഥാപനം ശക്തിപ്പെടുത്തിവാൻ സർക്കാർ തയ്യാറാകുമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ അസോസിയേറ്റ് പ്രൊഫസറായ ശ്രീ.കെ.ആർ.അനിലാണ് എൻ.സി.ആർ.എം.ഐ ഡയറക്ടറുടെ ചുമതല വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ